KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004 website: www.kseb.in

**വിതരണവും വിവരസാങ്കേതിക വിദ്യയും മാനവ വിഭവശേഷി നിർവ്വഹണവും**
**വിഭാഗം ഡയറക്ടറുടെ കാര്യാലയം**

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം 695004, കേരളം

***ഫോൺ: +91 471 2514685, 2514331 ഇ മെയിൽ: ddkseb@kseb.in***

D (D, IT & HRM)/ COVID 19/ 2019 – 2020/25 തീയതി. 16.04.2021

## പരിപത്രം

വിഷയം :- കോവിഡ് 19- ഓഫീസ് പ്രവർത്തനം ക്രമീകരിക്കുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :- 1. 03.08.2020 ലെ പരിപത്രം നമ്പർ D (D,IT & HRM) / COVID 19/ 2019 - 2020/23
2. 01.10.2020 ലെ പരിപത്രം നമ്പർ D (D, IT & HRM)/ COVID 19/ 2019 - 2020/24

കോവിഡ്-19 ന്റെ വ്യാപനം തടയുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന 1 ഉം 2 ഉം പ്രകാരം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ കോവിഡ് പോസിറ്റിവിറ്റി നിരക്ക് ക്രമാതീതമായി ഉയരുന്നതു കണക്കിലെടുത്ത് മേൽ സൂചന 1, 2 എന്നിവയോടൊപ്പം താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ ഓഫീസുകളിലും കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഓഫീസ് അധികാരി ഉറപ്പുവരുത്തേണ്ടതാണ്.
2. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ സൺറൈസ് മീറ്റിങ്ങുകൾ, സ്റ്റാഫ് മീറ്റിങ്ങുകൾ, സബ്ഡിവിഷൻ, ഡിവിഷൻ, സർക്കിൾ തലങ്ങളിലെ യോഗങ്ങൾ എന്നിവ ഉൾപ്പടെയുള്ള, ജീവനക്കാരുടെ എല്ലാവിധ കൂടിച്ചേരലുകളും പരമാവധി ഒഴിവാക്കേണ്ടതാണ്. എല്ലാ യോഗങ്ങളും ഓൺലൈനായി മാത്രമേ നടത്തുവാൻ പാടുള്ളൂ.
3. ബ്രേക്ക്ഡൗൺ വിങ്ങുകൾ കഴിയാവുന്നിടത്തോളം ഔട്ട് സെന്ററുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. മറ്റ് ടീമുകൾ കഴിവതും ജീവനക്കാരെ പരസ്പരം മാറ്റാതെയും സമ്പർക്കം പരമാവധി ഒഴിവാക്കിയും അതാത് ടീമിനകത്തു തന്നെ ജോലി ചെയ്യേണ്ടതാണ്.
4. എല്ലാ ജീവനക്കാരും സാനിറ്റൈസർ, മാസ്ക്, സോപ്പ് എന്നിവ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉപയോഗിക്കാൻ ആവശ്യമായ സാനിറ്റൈസർ അഥവാ കൈ കഴുകാനുള്ള സോപ്പ്, വെള്ളം എന്നിവ ലഭ്യമാക്കേണ്ടത് അതാത് ഓഫീസ് അധികാരിയുടെ ഉത്തരവാദിത്തമാണ്.
5. കാഷ്യർമാരും, പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കത്തിൽ വരുന്ന ഫീൽഡ് ജീവനക്കാരും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

6. പൊതുജനങ്ങൾക്കാവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ ഇ-സമയം, സർവ്വീസ് അറ്റ് ഡോർ സ്റ്റെപ്പ് എന്നിവ ഉപയോഗിക്കേണ്ടതും അപ്രകാരം പൊതുജനങ്ങളുമായുള്ള സമ്പർക്കം പരമാവധി ഒഴിവാക്കേണ്ടതുമാണ്.
7. 45 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജീവനക്കാരും നിർബന്ധമായും കോവിഡ് വാക്സിൻ സ്വീകരിക്കേണ്ടതാണ്.
8. സൂചന(2) പ്രകാരം നിയമിച്ചിട്ടുള്ള കോവിഡ്-19 ന്റെ ചുമതലയുള്ള നോഡൽ ഓഫീസർമാർ, സർക്കാർ/ ആരോഗ്യവകുപ്പ്/ ജില്ലാ അധികാരികൾ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

Sd/-

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

പകർപ്പ്: എല്ലാ ഓഫീസ് മേധാവികൾക്കും